**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1965** **09-02-2023 - ൽ മറുപടിയ്ക്ക്**

**പശ്ചാത്തല വികസനത്തിനുള്ള സമഗ്ര പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ പശ്ചാത്തല വികസനത്തിന് ഏതൊക്കെ മേഖലകളിലാണ് സമഗ്ര പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് സർവതല സ്പർശിയായ സമഗ്ര പരിഷ്കാരങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പിലാക്കിവരുന്ന ധാരാളം പദ്ധതികൾ സർക്കാരിന്റെ വികസനമുദ്രയുടെ ഭാഗമായി എടുത്തുകാട്ടാവുന്നതാണ്. താഴെപ്പറയുന്നവയാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും, നടപ്പാക്കി വരുന്നതുമായ പ്രധാന പദ്ധതികൾ:<br><br>**ഐ.ടി മേഖല:-**<br><br>ഐ.ടി മേഖലയിൽ സ്റ്റാർട്ടപ്പ് മിഷനുകൾക്ക് ഊന്നൽ നൽകി വരുന്നു. എല്ലാ സർക്കാർ ഓഫീസുകളിലും 'ഇ-ഓഫീസ്' സംവിധാനം സാർവത്രികമായി നടപ്പിലാക്കി വരുന്നു. 'എം സേവനം', 'ഇ-സേവനം', 'എന്റെ ജില്ല', 'സഞ്ജയ', 'സർപ്പ' തുടങ്ങിയ ആപ്പുകൾ വഴി സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിൽ എത്തുന്ന സംവിധാനം നടപ്പിലാക്കി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ കിടയറ്റ പ്രവർത്തനമികവ് ഐ.ടി. രംഗത്തെ കുതിച്ചുകയറ്റത്തിന്റെ ഒരു ഉത്തമ ഉദാഹരണമാണ്. 2022 വർഷത്തെ ഡിജിറ്റൽ ഇന്ത്യാ നാഷണൽ അവാർഡ് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി കരസ്ഥമാക്കുകയുണ്ടായി.<br><br>**ദേശീയപാത വികസനം:-** സംസ്ഥാനത്ത് ദേശീയപാത വികസനം ത്വരിതഗതിയിൽ നടത്തിവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളും, നഷ്ടപരിഹാരം നൽകലും, പാത വികസനവുമെല്ലാം കൃത്യമായും സമയബന്ധിതമായും നടന്നുവരുന്നു.<br><br>**തുറമുഖ വികസനം:-** തുറമുഖവികസന രംഗത്തെ ഒരു നാഴികക്കല്ലാണ് വിഴിഞ്ഞം തുറമുഖം പദ്ധതി. കൂടാതെ |

അഴീക്കൽ തുറമുഖ വികസനത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കൃഷി:-** മേഖലയിലെ ഉത്തേജനത്തിനായി പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കുട്ടനാട് പാക്കേജ്. ഇതിന്റെ മേൽനോട്ടത്തിനായി കുട്ടനാട് ഏകോപന സമിതി രൂപീകരിച്ചു.

**ആരോഗ്യം**:- ആരോഗ്യ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ നിലവിൽ വന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളായും, താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായും വികസിപ്പിച്ച് മികച്ച ചികിത്സ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ആയുർവേദ മേഖലയുടെ വികസനത്തിനായി ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

**തൊഴിൽ:-** തൊഴിൽ മേഖല യെ ശാക്തീകരിക്കുന്നതിന് കേരള നോളജ് എക്കണോമി മിഷൻ നടപ്പിലാക്കി വരുന്നു. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്ക് വർഷത്തിൽ കുറഞ്ഞത് 200 പ്രവർത്തി ദിനങ്ങൾ ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കി പുനരുജ്ജീവനത്തിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

**ടൂറിസം**:- വികസനത്തിന്റെ ഭാഗമായി മൂന്നാർ സുസ്ഥിര വികസന പദ്ധതിക്ക് തുടക്കമായി. മുഴപ്പിലങ്ങാട് ബീച്ച് വികസനത്തിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ശബരിമല:-** ശബരിമല വികസനത്തിനായി മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ശബരിമല ഇടത്താവളം പദ്ധതിക്കും രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

**റെയിൽവേ**:- റെയിൽവേ വികസനത്തിന്റെ ഭാഗമായി കൊച്ചി മെട്രോയുടെ ഫേസ് 1 വിപുലീകരണവും, ഫേസ് 2 വിന്റെ നടപ്പാക്കൽ പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞു. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ശാസ്ത്രവികസനത്തിനായി സയൻസ് പാർക്കുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചു വരുന്നു.

പിന്നോക്ക ജില്ലാ വികസനത്തിന്റെ ഭാഗമായി ഇടുക്കി, വയനാട്, കാസർകോട് എന്നീ ജില്ലകൾക്കായി പ്രത്യേക വികസന പാക്കേജുകൾ പ്രഖ്യാപിച്ചു കഴിഞ്ഞു.

ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും മികച്ച മുന്നേറ്റമാണ്

സംസ്ഥാനം കൈവരിച്ചിരിക്കുന്നത്.

സാധാരണ ജനങ്ങൾക്ക് ഇന്റർനെറ്റ് സംവിധാനം വേഗത്തിൽ ലഭ്യമാകുന്നതിന് കെ-ഫോൺ പദ്ധതി നടപ്പിലാക്കിവരുന്നു.

സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഊർജ്ജ സംരക്ഷണത്തിനായി നിലാവ് പദ്ധതി നിലവിൽ വന്നു കഴിഞ്ഞു.

സർക്കാർ മേഖലയിൽ വാതിൽ പടി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

അംഗൻവാടികൾ എല്ലാം സ്മാർട്ട് അംഗൻവാടികളായി ഉയർത്തുന്ന പ്രക്രിയയും നടന്നു വരുന്നു.

റവന്യൂ വകുപ്പിന്റെ 'ടേക്ക് എ ബ്രേക്ക്' പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.

തിരുവനന്തപുരം ഔട്ടർ റിങ് റോഡ് പദ്ധതിയും പുരോഗമിച്ചു വരുന്നു.

വ്യവസായ ഇടനാഴി പ്രവർത്തികമാക്കും. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതി വിജയകരമായി മുന്നോട്ടു പോകുന്നു. പൊതു കുളങ്ങളിൽ മീൻ വളർത്തൽ സാർവത്രികമാക്കി.

സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കിയത് സർക്കാരിന്റെ മറ്റൊരു നേട്ടമാണ്.

കോസ്റ്റൽ ഹൈവേ, സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (കണ്ണൂർ, കൊല്ലം), കോസ്റ്റൽ ഹൈവേ, സ്മാർട്ട് സിറ്റി (കൊച്ചി, തിരുവനന്തപുരം), വയനാട് ടണൽ റോഡ് എന്നിവയെല്ലാം നടപ്പിലാക്കി വരുന്നു. ഇൻലാൻഡ് വാട്ടർ വികസനത്തിന്റെ ഭാഗമായി കൊച്ചിൻ വാട്ടർ മെട്രോ, കൊച്ചിൻ അർബൻ ഡെവലപ്മെന്റ് & വാട്ടർ ട്രാൻസ്പോർട്ട്, കനാൽ

| | | | |
|---|---|---|---|
| | | | ഡെവലപ്മെന്റ് എന്നീ പദ്ധതികൾ പുരോഗതിയുടെ പാതയിലാണ്.<br><br>സർക്കാരിന്റെ അജണ്ടയിലുള്ള ഒരു മുഖ്യ പദ്ധതിയാണ് ശബരിമല എയർപോർട്ട് സ്ഥാപിക്കൽ.<br><br>ജലജീവൻ മിഷൻ വഴി ജലവിതരണം സുഗമമായി നടപ്പിലാക്കി വരുന്നു.<br><br>സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ ഭാഗമായി വേസ്റ്റ് ടു എനർജി പ്ലാന്റ് പദ്ധതി നടപ്പിലാക്കി വരുന്നു. സീവേജ് ആൻഡ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് കഴിഞ്ഞു.<br><br>സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റൊരു പദ്ധതിയാണ് റൂം ഫോർ റിവർ.<br><br>സർവ്വതോന്മുഖമായ വികസനത്തിന്റെ പാതകൾ തുറക്കുന്ന രീതിയിൽ സംസ്ഥാനത്തിന്റെ വികസനത്തിനായി ധാരാളം പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ